# <u>കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടി ക്രമം.</u>

കോളേജ് വിദ്യാഭ്യാസം – ജീവനക്കാര്യം – സീനിയർ സൂപ്രണ്ടുമാരുടെ സ്ഥലം മാറ്റവും സ്ഥാനക്കയറ്റവും – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉത്തരവ് നം: സി2/4290/2015/കോ.വി.വ** **തീയതി : 02.05.2015**

---

പരാമർശം :- 1. 27.04.2015-ലെ ജി.ഒ(സാധാരണ)868/2015/ഉ.വി.വ നമ്പർ ഉത്തരവ്.
2. സീനിയർ സൂപ്രണ്ടുമാരിൽ നിന്നും ലഭിച്ച അപേക്ഷകൾ.

## <u>ഉത്തരവ്</u>

കോളേജ് വിദ്യാഭ്യാസ വകുപ്പിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ ഒഴിവുകൾ നിലവിലുണ്ട്.

| ക്രമ നമ്പർ | ഒഴിവു നിലവിലുള്ള സ്ഥാപനം | ഒഴിവിന്റെ എണ്ണം | ഒഴിവിന്റെ സ്വഭാവം |
|---|---|---|---|
| 1. | കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം | 1 | ശ്രീ.എം.പത്മകുമാർ, പ്രൊമോഷനായ ഒഴിവ് |
| 2. | ഗവണ്മെന്റ് കോളേജ് കോടഞ്ചേരി | 1 | ശ്രീ.എം.എ.ഷാജി പ്രൊമോഷനായ ഒഴിവ് |
| 3. | ഗവണ്മെന്റ് സംസ്കൃത കോളേജ്, തൃപ്പൂണിത്തുറ | 1 | ശ്രീമതി.കെ.എ.കൃഷ്ണവേണി പ്രൊമോഷനായ ഒഴിവ് |
| 4. | കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റ്, കോട്ടയം | 1 | ശ്രീ.രാജു.സി.ജോർജ്ജ് 30.04.2015-ൽ വിരമിച്ച ഒഴിവ് |
| | ആകെ | 4 | |

.

മേൽ സൂചിപ്പിച്ച സീനിയർ സൂപ്രണ്ട് തസ്തികകളിൽ നിയമനം നടത്തുന്നതിനായി താഴെപ്പറയുന്ന രീതിയിൽ സീനിയർ സൂപ്രണ്ടുമാരെ സ്ഥലം മാറ്റിയും ജൂനിയർ സൂപ്രണ്ടുമാരെ അവരുടെ മുൻഗണനാ ക്രമമനുസരിച്ച് 18,740-33,680/-രൂപ ശമ്പള സ്കെയിലിൽ സീനിയർ സൂപ്രണ്ടുമാരായി സ്ഥാനക്കയറ്റം നൽകി നിയമിച്ചും ഉത്തരവാകുന്നു.

## <u>സ്ഥലം മാറ്റം</u>

താഴെകൊടുത്തിട്ടുള്ള സീനിയർ സൂപ്രണ്ടുമാരെ അവരുടെ പേരിനു നേരെയുള്ള സ്ഥാപനങ്ങളിൽ സ്ഥലം മാറ്റി നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര്, തസ്തിക, ജോലി ചെയ്യുന്ന സ്ഥാപനം | സ്ഥലം മാറ്റി നിയമിക്കുന്ന സ്ഥപനം |
|---|---|---|
| 1. | ശ്രീ.ജി.മോഹനൻ നായർ, സീനിയർ സൂപ്രണ്ട്, കെ.എം.എം.ഗവണ്മെന്റ് വനിതാ കോളേജ്, കണ്ണൂർ | കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം (ശ്രീ.എം.പത്മകുമാർ പ്രൊമോഷനായ ഒഴിവിൽ) |

| | | |
|---|---|---|
| 2. | ശ്രീ.പി.ഇ.മുഹമ്മദ് അൻസാരി,<br>സീനിയർ സൂപ്രണ്ട്,<br>ഗവണ്മെന്റ് കോളേജ്, കട്ടപ്പന | കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റ്, കോട്ടയം<br>(ശ്രീ.രാജു.സി.ജോർജ്ജ് വിരമിച്ച ഒഴിവിൽ) |
| 3. | ശ്രീമതി.കെ.പി.ഗിരിജാദേവി,<br>സീനിയർ സൂപ്രണ്ട്,<br>ഗവണ്മെന്റ് ആർട്സ് & സയൻസ് കോളേജ്, കൊടുവള്ളി | ഗവണ്മെന്റ് സംസ്കൃത കോളേജ്, തൃപ്പൂണിത്തുറ<br>(ശ്രീമതി.കെ.എ.കൃഷ്ണ വേണി പ്രൊമോഷനായ ഒഴിവിൽ) |

## സ്ഥാനക്കയറ്റം

താഴെ സൂചിപ്പിക്കുന്ന ജൂനിയർ സൂപ്രണ്ടുമാരെ അവരുടെ മുൻഗണനാ ക്രമമനുസരിച്ച് 18,740-33680/-രൂപ ശമ്പള സ്കെയിലിൽ സീനിയർ സൂപ്രണ്ടുമാരായി സ്ഥാനക്കയറ്റം നൽകി അവരുടെ പേരിനുനേരെ സൂചിപ്പിച്ചിട്ടുള്ള സ്ഥപനങ്ങളിൽ നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര്, തസ്തിക, ജോലി ചെയ്യുന്ന സ്ഥാപനം | സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന സ്ഥപനം |
|---|---|---|
| 1. | ശ്രീമതി.എം.കെ.ലത,<br>ജൂനിയർ സൂപ്രണ്ട്,<br>കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റ്, തൃശ്ശൂർ | ഗവണ്മെന്റ് ആർട്സ് & സയൻസ് കോളേജ്, കൊടുവള്ളി<br>(ശ്രീമതി.ഗിരിജാദേവിയെ സ്ഥലം മാറ്റുന്ന ഒഴിവിൽ) |
| 2. | ശ്രീ.എ.പി.രഘുനാഥൻ,<br>ജൂനിയർ സൂപ്രണ്ട്<br>ഗവണ്മെന്റ് കോളേജ്, കൊഴിഞ്ഞാമ്പാറ | ഗവണ്മെന്റ് കോളേജ്, കോടഞ്ചേരി<br>(ശ്രീ.എം.എ.ഷാജി പ്രൊമോഷനായ ഒഴിവിൽ) |
| 3. | ശ്രീ.കെ.കെ.സോമൻ,<br>ജൂനിയർ സൂപ്രണ്ട്,<br>കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റ്, എറണാകുളം | ഗവണ്മെന്റ് കോളേജ്, കട്ടപ്പന<br>(ശ്രീ.പി.ഇ.മുഹമ്മദ് അൻസാരിയെ സ്ഥലം മാറ്റുന്ന ഒഴിവിൽ) |
| 4. | ശ്രീമതി.കെ.ആർ.ലതികാ കുമാരി,<br>ജൂനിയർ സൂപ്രണ്ട്,<br>കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റ്, എറണാകുളം | കെ.എം.എം.ഗവണ്മെന്റ് വനിതാ കോളേജ്, കണ്ണൂർ<br>(ശ്രീ.ജി.മോഹനൻ നായരെ സ്ഥലം മാറ്റുന്ന ഒഴിവിൽ) |

പ്രൊമോഷൻ / സ്ഥലം മാറ്റം ലഭിച്ച ജീവനക്കാർ ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ നിന്നും വിടുതൽ വാങ്ങി ഈ ഉത്തരവു പ്രകാരം നിയമനം ലഭിക്കുന്ന സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിക്കേണ്ടതും പ്രസ്തുത വിവരം ബന്ധപ്പെട്ട സ്ഥാപന മേധാവികൾ ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

പ്രൊമോഷൻ ലഭിച്ച സീനിയർ സൂപ്രണ്ടുമാർ ഓപ്ഷൻ ഫോറം അക്കൌണ്ടന്റ് ജനറലിന് സമർപ്പിക്കേണ്ടതാണ്.

ഈ ഉത്തരവ് കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.collegiateedu.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

ഒപ്പ്/-
എം.നന്ദകുമാർ, ഐ.എ.എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ്:-

1. അക്കൌണ്ടന്റ് ജനറൽ, കോട്ടയം
2. കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം, എറണാകുളം, തൃശ്ശൂർ
3. പ്രിൻസിപ്പാൾ, ഗവണ്മെന്റ് കോളേജ് കട്ടപ്പന, കോടഞ്ചേരി, കൊടുവള്ളി, കൊഴിഞ്ഞാമ്പാറ, കെ.എം.എം.ഗവണ്മെന്റ് വനിതാ കോളേജ്, കണ്ണൂർ, ഗവണ്മെന്റ് സംസ്കൃത കോളേജ്, തൃപ്പൂണിത്തുറ.
4. സി.എ- ഡയറക്ടർ / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
5. സൂപ്രണ്ട് സി സെക്ഷൻ / ജെ സെക്ഷൻ
6. സി5 സീറ്റ്
7. കരുതൽ ഫയൽ / നടപ്പ് ഫയൽ

/അംഗീകാരത്തോടെ/

സൂപ്രണ്ട്

പി.ജി : 02.05.2015